"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക പരിസ്ഥിതി ദിനം 2023 - വൃക്ഷത്തൈ വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി പരമാവധി 10,000/- രൂപ വരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനകം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.127/2024/LSGD തീയതി,തിരുവനന്തപുരം, 16-01-2024

---

പരാമർശം:- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ 31.05.2023, 29.07.2023 തീയതികളിലെ NREGA/281/D1നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വൃക്ഷതൈ വിതരണ പരിപാടികൾ എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നു. ഇതിലേക്കായി നഴ്സറികളിൽ തയ്യാറാക്കുന്ന വൃക്ഷത്തൈകൾ പഞ്ചായത്തുകളിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടുകളിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി മുൻവർഷങ്ങളിൽ നല്കിയിട്ടുള്ളതാണ്. എല്ലാ വർഷവും ഇത്തരത്തിൽ അനുമതി നൽകുന്ന പശ്ചാത്തലത്തിൽ പ്രസ്തുത ആവശ്യത്തിലേക്ക് പല ഗ്രാമ പഞ്ചായത്തുകളും തുക ചെലവഴിക്കുകയുണ്ടായെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ പ്രസ്തുത ആവശ്യത്തിന് തുക ചെലവഴിക്കുന്നതിനും ഇതിനകം തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ആയത് സാധൂകരിച്ചുമുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 2023 ജൂൺ 5-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്നതിനായി വൃക്ഷതൈകൾ ശേഖരിച്ച് വിവിധ ഇടങ്ങളിലെത്തിച്ചതിന് വാഹന സൗകര്യം ഏർപ്പാടാക്കിയതിനും, മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി പരമാവധി 10,000/- രൂപ വരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനകം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ടി നടപടിയ്ക്ക് സാധൂകരണം നൽകിയും ഉത്തരവാകുന്നു.

3.2023-ലെ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് നടത്തിയ വൃക്ഷത്തൈ വിതരണ പരിപാടിയുടെ ഫലപ്രാപ്തി സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി മിഷൻ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 16-01-2024 16:14:38
സെക്ഷൻ ഓഫീസർ